(ബി) നടപടിയെന്നോണം പ്രവേശന പരീക്ഷാ സംബന്ധമായ ജോലികൾ മേലിൽ പ്രസ്തുത ആൾക്കാരെ ഏല്പിക്കുന്നതല്ല എന്നു തീരുമാനിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

72 (491) എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ ആൻസർ സ്ക്രിപ്റ്റ് റീവാല്യൂ ചെയ്തതിന്റെ ഫലമായി എഞ്ചിനീയറിംഗ് മെഡിക്കൽ എന്നീ വിഷയങ്ങളിൽ നേരത്തെ പ്രവേശനം ലഭിച്ചതോ പിന്നീട് പ്രവേശനം ലഭിക്കാതായിരുന്നതോ ആയ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാതെ വന്നിട്ടുണ്ട്;

(ബി) എത്ര പേർക്ക് റാങ്കിംഗിൽ വ്യത്യാസം വന്നിട്ടുണ്ട്;

(സി) എഞ്ചിനീയറിംഗ് വിഷയങ്ങളിൽ പ്രവേശനം ലഭിച്ച എത്ര പേർക്ക് വിഷയങ്ങളിൽ മാറ്റം വന്നിട്ടുണ്ട്?

ഉത്തരം

(എ) എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ ആൻസർ സ്ക്രിപ്റ്റ് റീവാല്യൂ ചെയ്ത് റാങ്ക് പുനർ നിർണ്ണയം ചെയ്തതു കൊണ്ട് മാത്രം നേരത്തെ പ്രവേശനം ലഭിച്ചവർക്ക് പിന്നീട് ഏതെങ്കിലും പ്രൊമോഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) റാങ്ക് പുനർക്രമീകരണത്തിന്റെ ഫലമായി 1212 പേരൊഴികെ മറ്റെല്ലാവർക്കും റാങ്കിൽ വ്യത്യാസം വന്നിട്ടുണ്ട്.

(സി) 33 പേർക്ക്.

73 (493) റിസർവേഷനിൽ കൃത്രിമം കാണിച്ചതായ പരാതി

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം നടന്ന മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ വിജയികളായ പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് അർഹമായ സീറ്റുകൾ തട്ടിയെടുക്കുന്നതിന് റിസർവേഷൻ ലിസ്റ്റിൽ കൃത്രിമം കാണിച്ചുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെറിറ്റ് ലിസ്റ്റിൽ പേരു വരേണ്ട വിദ്യാർത്ഥികളെ റിസർവേഷൻ ലിസ്റ്റിൽപ്പെടുത്തി റിസർവേഷന്റെ ഗുണം കിട്ടേണ്ട വിദ്യാർത്ഥികളെ ഒഴിവാക്കി ഉദ്യോഗസ്ഥർ കൃത്രിമം കാണിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

LIBRARY ARCHIVES Kerala Legislative Assembly